"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് 25-ൽ റീസർവ്വെ നമ്പർ 245/1-ൽപ്പെട്ട ബി.ടി. ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ 08.39 ആർ ഭൂമി നിലവിലെ കൈവശക്കാരായ 6 പേർക്ക് (ശ്രീമതി രേഷ്മ ആർ, ശ്രീമതി ശാന്ത കെ, ശ്രീമതി ഉഷ സി, ശ്രീമതി ശാന്ത. സി, ശ്രീമതി രാധ കെ, ശ്രീമതി ഭാരതി എന്നിവർക്ക്) ഇനം മാറ്റം നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.37/2026/RD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-
1. 11.12.2024 ലെ യോഗനടപടികുറിപ്പ്
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18.01.2021,13.04.2022,06/10/2025 എന്നീ തീയതികളിലെ ബി.2-269320/2020 നമ്പർ കത്തുകൾ
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.08.2022-ലെ എൽ.ആർ./4214/2022-LR-J6, 03.11.2025-ലെ എൽ.ആർ./4214/2022-PM2 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് 25-ൽ റീസർവ്വെ നമ്പർ 245/1-ൽപ്പെടുന്നതും 40 ആർ വിസ്തീർണ്ണമുള്ളതുമായ കുളം പുറമ്പോക്കിൽപ്പെടുന്ന 08.39 ആർ സ്ഥലം പതിച്ച് കിട്ടുന്നതിന് പ്രസ്തുത ഭൂമിയിലെ കൈവശക്കാരായ 6 പേർ അപേക്ഷ സമർപ്പിച്ചിരുന്നെന്നും 40 ആർ വിസ്തീർണ്ണമുള്ളതും ബി.ടി. ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതുമായ ടി ഭൂമിയിൽ നാല് ചുറ്റും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിച്ച് വരുന്ന കൃത്യമായ അതിർത്തിക്കുള്ളിലാണ് കുളം (മക്കാംകോണം ചിറ) സ്ഥിതി ചെയ്യുന്നതെന്നും ടി കുളത്തിന് ചേർന്ന് വടക്കും പടിഞ്ഞാറുമായി പഞ്ചായത്ത് റോഡ് കടന്നു പോകുന്നെന്നും പതിവ് ഭൂമികൾക്ക് കുളവുമായി നേരിട്ട് ബന്ധമില്ലാത്തതും അതിർത്തി പങ്കിടാത്തതുമാണെന്നും ടി ഭൂമിയിൽ 22 അംഗങ്ങളടങ്ങിയ 6 കുടുംബങ്ങൾ വീട് വെച്ച് താമസിച്ച് വരുന്നെന്നും അപേക്ഷകരുടെ പൂർവികർ ടി സ്ഥലത്ത് താമസിച്ച് വന്നിരുന്നതും നിലവിലെ കൈവശക്കാർ പാരമ്പര്യമായി കൈമാറികിട്ടിയ ടി സ്ഥലത്ത് പഞ്ചായത്തിൽ നിന്നും അനുവദിച്ച വീടുകളിൽ 15 വർഷത്തിലേറെയായി താമസിച്ച് വരുന്നതുമാണെന്നും എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളതും അപേക്ഷകർക്ക് റേഷൻ കാർഡ് ലഭിച്ചവരുമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. അപേക്ഷകർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും വാർഷിക വരുമാനം 40,000/-

രൂപയിൽ താഴെയുമാണ്. ഭൂമി പതിവ് അപേക്ഷകളിൽമേൽ 12 (1) പ്രസിദ്ധീകരിച്ചിട്ടുള്ളതും നോട്ടീസ് നിരാക്ഷേപമായി മടങ്ങിയിരുന്നതും ഭൂമി പതിവ് നടപടികൾക്ക് താലൂക്ക് ഭൂമി പതിവ് കമ്മിറ്റി 30.03.2022 തീയതി അംഗീകാരം നൽകിയിരുന്നതുമാണ്. കുളംപുറമ്പോക്ക് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും അപേക്ഷകർക്ക് ഭൂമി പതിച്ചു നൽകുന്നതിന് നിരാക്ഷേപപത്രം അനുവദിച്ചു നെല്ലനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്. അപേക്ഷാ ഭൂമികൾ എല്ലാം തന്നെ കളത്തിൽ നിന്നും 4 മീറ്റർ മുതൽ 17 മീറ്റർ വരെ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. അപേക്ഷകർക്ക് പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഭൂമിയില്ലാതെ മറ്റ് പതിവ് വസ്തുക്കളില്ലാത്തതിനാലും വളരെ വർഷങ്ങളായി പതിവിനാസ്പദമായ ഭൂമി നിരാക്ഷേപമായി കൈവശം വെച്ചു വരുന്നതിനാലും, പരാമർശം (1) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി കുളംപുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ട് വരുന്ന ഭൂമിയുടെ ഇനം മാറ്റുന്നതിലേക്കും കക്ഷികളുടെ പേരിൽ പതിവ് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം. 25-ൽ റീസർവ്വേ നമ്പർ 245/1-ൽ ഉൾപ്പെട്ട അപേക്ഷകരുടെ കൈവശ ഭൂമിയായ 08.39 ആർ ഭൂമി തരിശിലേക്ക് ഇനം മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് പതിച്ചു നൽകുന്നതിലേക്ക് സർക്കാർ ഉത്തരവുണ്ടാകണമെന്നുമാണ് പരാമർശം (2&3) പ്രകാരം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും അഭ്യർത്ഥിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം. 25-ൽ റീസർവ്വേ നമ്പർ 245/1-ൽ ഉൾപ്പെട്ട അപേക്ഷകരുടെ കൈവശ ഭൂമിയായ 08.39 ആർ ഭൂമി, നിലവിലെ കൈവശക്കാരായ 6 പേർക്ക് (ശ്രീമതി രേഷ്മ ആർ, ശ്രീമതി ശാന്ത കെ, ശ്രീമതി ഉഷ സി, ശ്രീമതി ശാന്ത സി, ശ്രീമതി രാധ കെ. ശ്രീമതി ഭാരതി എന്നിവർക്ക്) 'തരിശ്' ആയി ഇനംമാറ്റം നടത്തി (ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

4. ടി. ഭൂമി പതിച്ച് നൽകുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 27-01-2026 11:15:30

സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യു സെക്രട്ടിറിയുടെ പി. എക്ക്,
റവന്യു വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്